# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 379 15.07.2015 - ൽ മറുപടിയ്ക്ക്

### മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ. എം.എ. ബേബി<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനായി ചെയ്ത കാര്യങ്ങൾ അറിയിക്കാമോ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് മുന്നോടിയായുള്ള സാദ്ധ്യതാ റിപ്പോർട്ടും വിശദമായ പദ്ധതി റിപ്പോർട്ടും (Feasibility Report and Detailed Project Report) തയ്യാറാക്കി എംപവേർഡ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>2. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള സ്ഥലം കൈമാറ്റം ചെയ്തു കിട്ടുന്നതിന് മുൻപ് വനം-പരിസ്ഥിതി വകുപ്പുകളുടെയും നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെയും അംഗീകാരം ലഭ്യമാക്കിയ ശേഷം ബഹു. സുപ്രീം കോടതിയുടെ അംഗീകാരം കൂടി ലഭ്യമാക്കേണ്ടതായിട്ടുണ്ട്. പ്രാരംഭ നടപടിയെന്ന നിലയ്ക്ക് ഒരംഗീകൃത ഏജൻസിയെക്കൊണ്ടുതന്നെ പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പരിസ്ഥിതി ആഘാത |

പഠനത്തിനുള്ള നിരാക്ഷേപ പത്രം (NOC) ലഭ്യമാക്കുന്നതിനും ഇതോടനുബന്ധിച്ചുള്ള രൂപരേഖയ്ക്ക് (TOR) അംഗീകാരം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിരുന്നു. പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനെതിരെ തമിഴ്നാട് ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഇടക്കാല ഹർജിയിൽ തീരുമാനമാകുന്നതുവരെ, TOR അംഗീകരിക്കുന്നതിനായി കേരളം സമർപ്പിച്ച അപേക്ഷയിന്മേലുള്ള തീരുമാനം നീട്ടിവെക്കാനാണ് Expert Appraisal Committee നിശ്ചയിച്ചിട്ടുള്ളത്. പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് ആവശ്യമായ എല്ലാ അനുമതികളും അംഗീകാരവും താമസംവിനാ ലഭ്യമാക്കി, നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുചിതമായ തുടർ നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്.

(ബി) തമിഴ്നാട് സുപ്രീംകോടതിയിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തൊക്കെയാണ് ;

(ബി) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് മുന്നോടിയായി പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനെതിരെ തമിഴ്നാട് ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഇടക്കാല ഹർജിയിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളുടെ (Prayers) <u>വിശദാംശങ്ങൾ അനുബന്ധമായി</u> ചേർത്തിട്ടുണ്ട്.

(സി) ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാനായി തമിഴ്നാടിന്റെ താല്പര്യത്തിന് വിഘാതമാകാതെ പഴയ അണക്കെട്ട് നിലനിർത്തിക്കൊണ്ട് പുതിയത് നിർമ്മിക്കാനുള്ള അനുമതി തേടുന്നതിനുവേണ്ട നിയമ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ;

(സി) തമിഴ്നാടിന് ആവശ്യമായ ജലം ഉറപ്പാക്കിക്കൊണ്ട് തന്നെ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്.

| | | |
|---|---|---|
| (ഡി) മുൻകാല അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാന താല്പര്യം സംരക്ഷിക്കാൻ കഴിവും താല്പര്യവുമുള്ള ഉദ്യോഗസ്ഥരെയും വക്കീൽമാരെയും ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അവർ ആരൊക്കെയെന്ന് വെളിപ്പെടുത്താമോ ; | (ഡി) | ഉണ്ട്. മുല്ലപ്പെരിയാർ വിഷയം കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനായി ജലസേചന വകുപ്പിലെ ചീഫ് എൻജിനീയറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരത്ത് അന്തർസംസ്ഥാന ജലവിഭാഗവും; കോടതി കേസുകൾ കൈകാര്യം ചെയ്യുന്നതിനായി ന്യൂഡൽഹിയിൽ കാവേരി സ്പെഷ്യൽ സെല്ലും പ്രവർത്തിച്ചു വരുന്നു. മുല്ലപ്പെരിയാർ വിഷയങ്ങളിൽ പ്രത്യേക ശ്രദ്ധപുലർത്തി നടപടികൾ സ്വീകരിക്കുന്നതിലേക്കായി കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിന്നും ചീഫ് എഞ്ചിനീയർ ആയി വിരമിച്ച ശ്രീ. എം. കെ. പരമേശ്വരൻ നായരുടെ നേതൃത്വത്തിൽ മുല്ലപ്പെരിയാർ സ്പെഷ്യൽ സെല്ലും രൂപീകരിച്ചിട്ടുണ്ട്. പുതിയ അണക്കെട്ടിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ കൈകാര്യം ചെയ്തു വരുന്നു. മുല്ലപ്പെരിയാർ ഡാമിന്റെ മോണിറ്ററിംഗിനായി കട്ടപ്പന എം. ഐ. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചു വരുന്നു. മുതിർന്ന അഭിഭാഷകരായ ശ്രീ. ഹരീഷ് എൻ. സാൽ വേ യുടെ നേതൃത്വത്തിലുള്ള അഭിഭാഷക സംഘം, മുല്ലപ്പെരിയാർ വിഷയവുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്തു വരുന്നു. ശ്രീ. ഹരീഷ് എൻ. സാൽ വേ യോടൊപ്പം ഡോ.രാജീവ് ധവാൻ, ശ്രീ. മോഹൻ വി. കട്ടാർക്കി എന്നീ പ്രഗത്ഭരായ അഭിഭാഷകരും പ്രവർത്തിച്ചു വരുന്നു. |
| (ഇ) പുതിയ അണക്കെട്ടിന് അനുമതി നൽകുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തെന്നും അതിന് ഉന്നയിക്കുന്ന കാരണവും അറിയിക്കുമോ; സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരുമായി | (ഇ) | പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾക്ക് വിധേയമായി ആവശ്യമായ അനുമതി നൽകുന്നതിന് തടസ്സങ്ങൾ ഉള്ളതായി കേന്ദ്ര സർക്കാരിൽ നിന്നും അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. പുതിയ അണക്കെട്ടിന്റെ നിർമ്മാണത്തിനു മുന്നോടിയായുള്ള പരിസ്ഥിതി ആഘാതപഠനം |

| | |
|---|---|
| ചർച്ച നടത്തിയിരുന്നോ; വിശദവിവരം നൽകാമോ; കേന്ദ്ര സർക്കാർ ഈ പ്രശ്നം ഏറ്റെടുത്തിട്ടില്ലെങ്കിൽ അതിന്റെ കാരണം അറിയിക്കുമോ? | നടത്തുന്നതിനുള്ള രൂപരേഖയ്ക്ക് (TOR) അംഗീകാരം നൽകുന്നതിനുള്ള കേരളത്തിന്റെ അപേക്ഷയിന്മേൽ തമിഴ്നാട് ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഇടക്കാല ഹർജിയിൽ; ബഹു. കോടതി ഉത്തരവ് പുറപ്പെടുവിച്ച ശേഷം തീരുമാനമെടുക്കാമെന്നാണ് കേന്ദ്ര സർക്കാരിന്റെ ഏജൻസിയായ Expert Appraisal Committee ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിച്ചുകിട്ടുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സമയബന്ധിതമായി സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്. |

സെക്ഷൻ ഓഫീസർ

IN THE SUPREME COURT OF INDIA

CIVIL ORIGINAL JURISDICTION

I.A. No. 27 of 2015
in
O.S. No. 3 of 2006

In the matter of:

State of Tamil Nadu : Applicant

Versus

State of Kerala & Anr. : Respondents

**AN APPLICATION FOR DIRECTIONS
ON BEHALF OF STATE OF TAMIL NADU**

**PAPER BOOK**

**(FOR INDEX KINDLY SEE INSIDE)**

**ADVOCATE FOR THE APPLICANT: B.BALAJI**

New Delhi
Filed on: 07.05.2015.

09/07 2015 17:57 CEI38 #8284 P.001
To: RelayFax via port COM3 From: N/A 7/9/2015 5:45:34 PM (Page 1 of 3)

Brammanam

**PRAYER** in IA No. 37/15

It is, therefore, most respectfully prayed that this Hon'ble Court may be pleased to:

(i) restrain the State of Kerala and its officials from conducting any drilling operation, investigation or survey work or any other work in connection with the New Dam proposal pursuant to the clearance dated 03.12.2014 given by the Standing Committee of the National Board for Wildlife and from conducting any Environment Impact Assessment study;

(ii) restrain the State of Kerala from taking up Environment Impact Assessment study or taking up any action pursuant to the clearance given by the Standing Committee of the National Board for Wildlife and from conducting Environment Impact Assessment study.

(iii) direct the Ministry of Environment and Forest to withdraw the clearance dated 03.12.2014 given by the Standing Committee of the National Board for Wild Life for conducting the Environmental Impact Assessment Study for construction of a new Mullai Periyar Dam by the Government of Kerala; and

(iv) Pass any further order or orders as this Hon'ble Court may deem just and proper in the circumstances of the case.

Section Officer

**AND FOR THIS ACT OF KINDNESS THE PETITIONER AS IN DUTY BOUND SHALL EVERY PRAY.**

Drawn by:
G. Umapathy, Advocate.

Settled by:
Subramonium Prasad,
Addl., Advocate General.

Re-settled by:
A.L. Somayaji,
Advocate General.

Filed on: 07.05.2015.

Filed by

(B.Balaji)
Advocate on Record
State of Tamil Nadu

True Copy of the prayer in IA No 27/2015

[signature]
Section Officer